LIBRARY ARCHIVES Kerala Legislative Assembly

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

130(2383) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി എത്തിച്ചേരാത്ത എത്ര പഞ്ചായത്ത് വാർഡുകൾ ഉണ്ട് ;

(ബി) അത്തരം വാർഡുകളുടെ ജില്ലയും, പഞ്ചായത്തും വാർഡും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വാർഡുകളിൽ വൈദ്യുതി എത്തിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളത്തിൽ ട്രാൻസ്ഫോമറിന്റെ കുറവുകൊണ്ട് വോൾട്ടേജ് ക്ഷാമം നേരിടുന്ന എത്ര പഞ്ചായത്തുകൾ ഉണ്ടെന്നും എത്ര പഞ്ചായത്ത് വാർഡ് ഉണ്ടെന്നും കണക്കെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു കണക്കെടുത്ത് പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എത്ര പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

131 (2384) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയിൽ എത്ര തുക എം.എൽ.എ. ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്രകാരം ഒരു പദ്ധതി നടപ്പാക്കുന്നതിൽ കെ.എസ്.ഇ.ബി.-യ്ക്ക് ലാഭമോണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളത് ; നഷ്ടമാണെങ്കിൽ എത്രകോടി രൂപയെന്നും ലാഭമാണെങ്കിൽ എത്ര കോടി രൂപയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.